## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **20-06-2024 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരത്ത് ടെക്സ്റ്റയിൽ ടെക്നോളജി ബി.ടെക് കോഴ്സ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം പോളിടെക്നിക്കുകളിലാണ് ടെക്സ്റ്റയിൽ ടെക്നോളജി ഡിപ്ലോമ കോഴ്സ് ഉള്ളതെന്നും ഓരോ കോളേജിലും പ്രസ്തുത കോഴ്സിന് എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ടെക്സ്റ്റൈൽ ടെക്നോളജി ഡിപ്ലോമ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ- സീറ്റുകൾ<br>1.സെൻട്രൽ പോളിടെക്നിക്ക് കോളേജ്, വട്ടിയൂർക്കാവ്- 60 സീറ്റ്<br>2.സർക്കാർ പോളിടെക്നിക്ക് കോളേജ് , കൊരട്ടി- 60 സീറ്റ്<br>3.സർക്കാർ പോളിടെക്നിക്ക് കോളേജ് , കണ്ണൂർ - 60 സീറ്റ് |
| (ബി) | സംസ്ഥാനത്തെ ഏതെങ്കിലും കോളേജിൽ ടെക്സ്റ്റയിൽ ടെക്നോളജി ബി.ടെക് കോഴ്സ് ഉണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് / സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ബി.ടെക് വിഭാഗത്തിൽ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് നിലവിൽ ഇല്ല. |
| (സി) | തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിലെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്തി സമീപത്തുള്ള ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജിൽ ടെക്സ്റ്റയിൽ ടെക്നോളജി ബി.ടെക് കോഴ്സ് ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ? | (സി) | തിരുവനന്തപുരം ബാർട്ടൻഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജും, വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജും സംയുക്തമായി ചേർന്ന് ബി.ടെക് വിഭാഗത്തിൽ ടെക്സ്റ്റൈൽ ടെക്നോളജി ഡിഗ്രി കോഴ്സ് ആരംഭിയ്ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ